**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 114** **11-09-2023 - ൽ മറുപടിയ്ക്ക്**

**എല്ലാ മണ്ഡലങ്ങളിലും പട്ടയ അസംബ്ലി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ . മുഹമ്മദ് മുഹസിൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | അർഹരായ എല്ലാവർക്കും പട്ടയം നൽകുക, ഭൂരഹിതരായവർക്ക് ഭൂമി നൽകുക എന്നീ ലക്ഷ്യങ്ങളോടെ ആരംഭിച്ച പട്ടയ മിഷന്റെ ഭാഗമായി എല്ലാ മണ്ഡലങ്ങളിലും പട്ടയ അസംബ്ലി ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദീകരിക്കാമോ; | (എ) | പട്ടയ പ്രശ്നങ്ങൾ നിയോജക മണ്ഡല അടിസ്ഥാനത്തിൽ കണ്ടെത്തുന്നതിനും അതിനുള്ള പരിഹാരം കാണുന്നതിനുമായാണ് പട്ടയ അസംബ്ലികൾ നടത്തുന്നതിന് തീരുമാനിച്ചത്. ഇതിന്റെ അടിസ്ഥാനത്തിൽ നിയോജകമണ്ഡലങ്ങളിൽ ഡെപ്യൂട്ടി കളക്ടർമാരെയും തഹസിൽദാർമാരെയും നോഡൽ ഓഫീസർമാരായി നിയമിക്കുകയും അതാത് നിയോജക മണ്ഡലത്തിലെ അതാതു നിയോജക മണ്ഡലത്തിലെ MLA മാരുടെ അധ്യക്ഷതയിൽ എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെയും ജനപ്രതിനിധികളേയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരേയും ഉൾപ്പെടുത്തി പട്ടയം അസംബ്ലി കൂടാൻ ജില്ലകൾക്ക് നിർദ്ദേശം നൽകിയിരുന്നു. 2023 ജൂലൈ 5-നു നടന്ന നെടുമങ്ങാട് നിയോജക മണ്ഡലത്തിന്റെ പട്ടയ അസംബ്ലിയിൽ ഇതിന്റെ സംസ്ഥാന തല ഉദ്ഘാടനം ബഹുമാനപ്പെട്ട റവന്യൂ വകുപ്പ് മന്ത്രി നിർവ്വഹിച്ചു. സംസ്ഥാനത്തെ 140 നിയോജകമണ്ഡലങ്ങളിൽ, 135 എണ്ണത്തിൽ പട്ടയ അസംബ്ലികൾ കൂടുന്നതിനുള്ള തീയതി എം.എൽ.എ. മാരിൽ നിന്നും ലഭ്യമായിട്ടുള്ളതും 135 പട്ടയ അസംബ്ലികൾ നടത്തിയിട്ടുള്ളതുമാണ്. പട്ടയ പ്രശ്നങ്ങൾ കണ്ടെത്തുന്നതിലും പരിഹരിക്കുന്നതിലും പട്ടയ അംബ്ളി വലിയ നിലയിൽ സഹായകരമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. |
| (ബി) | പട്ടയ അസംബ്ലിയുടെ ഘടനയും പ്രവർത്തനങ്ങളും എന്തെല്ലാമെന്ന് വിശദമാക്കാമോ; | (ബി) | **<u>പട്ടയം അസംബ്ലിയുടെ ഘടന :-</u>**<br><br><u>കൺവീനർ:</u> മണ്ഡലത്തിന്റെ ചുമതലയുള്ള നോഡൽ ഓഫീസർ (ഇതിനായി നിയോജക മണ്ഡലങ്ങളിൽ ഡെപ്യൂട്ടി കളക്ടർമാരെയും തഹസീൽദാർമാരെയും നോഡൽ ഓഫീസർമാരായി നിയമിച്ചിട്ടുണ്ട്.) |

| | | | |
|---|---|---|---|
| | | | **<u>അധ്യക്ഷൻ : നിയമസഭാ സാമാജികൻ</u>**<br><br>**<u>അംഗങ്ങൾ:</u>** നിയമസഭാ മണ്ഡലത്തിൽ ഉൾപ്പെട്ടു വരുന്ന മുഴുവൻ ജനപ്രതിനിധികൾ, തഹസിൽദാർമാർ, പട്ടയ വിഭാഗം ഡെപ്യൂട്ടി തഹസിൽദാർമാർ, വില്ലേജ് ഓഫീസർമാർ.<br><br>**<u>പ്രവർത്തനങ്ങൾ :</u>** അംഗങ്ങൾ തങ്ങളുടെ പ്രവർത്തന പരിധിയിൽ പട്ടയം ലഭിക്കാത്തവരുടെ പട്ടിക, പട്ടയം നൽകുന്നതിന് അനുയോജ്യമായ ഭൂമിയുടെ വിവരങ്ങൾ, പട്ടയം ഇല്ലാത്ത കോളനികളുടെ വിവരങ്ങൾ എന്നിവ ശേഖരിച്ച് പട്ടയ അസംബ്ലിയിൽ അവതരിപ്പിക്കണം. യോഗത്തിൽ ലഭ്യമാകുന്ന വിവരങ്ങളും പ്രശ്നങ്ങളും ഉദ്യോഗസ്ഥ തലത്തിൽ ചർച്ച ചെയ്തശേഷം താലൂക്ക്, ജില്ലാ തലത്തിൽ പരിഹരിക്കപ്പെടാവുന്ന വിഷയങ്ങൾ പരിഹരിക്കുകയും ശേഷിക്കുന്നവ പട്ടയ ഡാഷ് ബോർഡിൽ ഉൾപ്പെട്ടിട്ടില്ലെങ്കിൽ അവ ഉൾപ്പെടുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുകയും വേണം. പട്ടയ വിതരണത്തിന് തടസ്സമായി നിൽക്കുന്ന പ്രശ്നങ്ങൾ കണ്ടെത്തി ഓരോ വില്ലേജിലേയും ഭൂരഹിതരുടെ എണ്ണം, ഭൂമിയുടെ ലഭ്യത, പട്ടയ വിതരണത്തിനുള്ള തടസ്സം എന്നിവ കണ്ടെത്തി സൂക്ഷിക്കുന്നതിനുള്ള ഓൺലൈൻ സംവിധാനമാണ് പട്ടയ ഡാഷ് ബോർഡ്.<br><br>പട്ടയ അസംബ്ളി 6 മാസത്തിലൊരിക്കൽ യോഗം ചേർന്ന് പുരോഗതി വിലയിരുത്തണം |
| (സി) | പട്ടയം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട നിയമപ്രശ്നങ്ങൾ, ചട്ടങ്ങളിലെ നിബന്ധനകൾ എന്നിവ മൂലം തീരുമാനമെടുക്കാൻ കഴിയാത്ത വിഷയങ്ങളിൽ പ്രത്യേക അധികാരം വിനിയോഗിച്ച് പട്ടയം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ; | (സി) | സർക്കാർ ഭൂമിയിൽ വർഷങ്ങളായി വീടുവച്ച് താമസിച്ചും കൃഷി ചെയ്തും വരുന്ന ഭൂരഹിതരായവർക്കു നിയമപ്രകാരം പട്ടയം നൽകുന്നതിനു തടസങ്ങളുള്ള കൈവശങ്ങളുടെ വിശദാംശങ്ങൾ സംസ്ഥാന തലത്തിൽ ക്രോഡീകരിക്കുന്നതിനുള്ള ഓൺലൈൻ പോർട്ടൽ (പട്ടയം ഡാഷ് ബോർഡ്) പ്രവർത്തിച്ചു വരുന്നു. ടി പോർട്ടലിൽ ലഭ്യമാക്കിയിട്ടുള്ള പട്ടയ പ്രശ്നങ്ങൾ സംസ്ഥാനതലത്തിൽ പരിശോധിച്ച ശേഷം പരിഹരിക്കാവുന്നവയ്ക്ക് വ്യക്തമായ മാർഗ്ഗ നിർദ്ദേശങ്ങൾ ജില്ലാ കളക്ടർമാർക്കു ലാന്റ് റവന്യൂ കമ്മീഷണർ നൽകുന്നു. സർക്കാർ ഉത്തരവുകളുടെയോ അല്ലെങ്കിൽ ചട്ട ഭേദഗതികളിലൂടെയോ പരിഹരിക്കേണ്ടവയ്ക്കും പരിഹാരം കാണുന്നതിനുള്ള നടപടിയും ഇതിന്റെ ഭാഗമായി സ്വീകരിക്കുന്നു.ചട്ടത്തിലെ നിബന്ധനമൂലം തീരുമാനമെടുക്കാൻ കഴിയാത്ത കേസുകളിൽ ചട്ടത്തിൽ തന്നെ സർക്കാരിൽ നൽകിയിട്ടുള്ള സവിശേഷ അധികാരം വിനിയോഗിച്ച് പട്ടയം നൽകുന്നതാണ്. |

| | | | |
|---|---|---|---|
| (ഡി) | പട്ടയ മിഷനുമായി ബന്ധപ്പെട്ട ഏറ്റവും അടിസ്ഥാനതലത്തിലുള്ള വില്ലേജ് തല വിവരശേഖരണ സമിതിയുടെ പ്രധാന ഉത്തരവാദിത്തങ്ങൾ എന്തെല്ലാമെന്ന് അറിയിക്കുമോ? | (ഡി) | സർക്കാരിന്റെ 19.04.2023 തീയതിയിലെ സ.ഉ. (കൈ) 87/2023/ആർ.ഡി. നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ പട്ടയ മിഷൻ ഔദ്യോഗികമായി രൂപീകരിച്ചു ഉത്തരവായിട്ടുണ്ട്. അതിൻപ്രകാരം വില്ലേജ് ഓഫീസർ കൺവീനറായ വില്ലേജ് തല ജനകീയ സമിതിയായിരിക്കും വില്ലേജ് തല വിവര ശേഖരണ സമിതി. അതിന്റെ ചുമതലകൾ ചുവടെ ചേർക്കുന്നു.<br><br>പട്ടയമില്ലാത്ത കോളിനികൾ കണ്ടെത്തുക, അർഹതയുണ്ടായിട്ടും പട്ടയത്തിന് അപേക്ഷ നൽകാത്തവരെ കണ്ടെത്തുക, വിതരണത്തിനാവശ്യമായ ഭൂമി കണ്ടെത്തി റിപ്പോർട്ട് ചെയ്യുക, വില്ലേജ് പരിധിയിലെ പട്ടയ വിഷയങ്ങൾ കണ്ടെത്തുക. എല്ലാ വില്ലേജ് തല ജനകീയ സമിതിയിലും പട്ടയമിഷൻ ഒരു അജണ്ടയായി ഉൾപ്പെടുത്തുകയും സമിതിയിൽ അംഗങ്ങളായ പ്രതിനിധികളിൽ നിന്നും പട്ടയ വിഷയങ്ങൾ ക്രോഡീകരിച്ച് താലൂക്ക് ദൗത്യ സംഘത്തിന് റിപ്പോർട്ട് ചെയ്യുക. |

സെക്ഷൻ ഓഫീസർ